ആരോപണ വിധേയരായ വൈൽഡ് ലൈഫ് വാർഡന്മാർ

10 (1561) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനം വകുപ്പിൽ ഏതെല്ലാം വൈൽഡ് ലൈഫ് വാർഡന്മാരുടെ മേൽ ആനവേട്ട, മറ്റു മൃഗങ്ങളെ വേട്ടയാടൽ, എന്നിവയെപ്പറ്റിയുള്ള ആരോപണങ്ങളും ആനക്കൊമ്പുമായി ബന്ധപ്പെട്ട ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) ഈ ആരോപണങ്ങളെപ്പറ്റി എന്തെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഒരന്വേഷണവും നടത്താത്തപക്ഷം അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ആനക്കൊമ്പു സംബന്ധമായ ആരോപണവുമായി ബന്ധപ്പെട്ട വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് കണ്ടുകെട്ടിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈൽഡ് ലൈഫ് വാർഡന്മാരുടെ പേരിൽ ആനവേട്ട, മറ്റു മൃഗങ്ങളെ വേട്ടയാടൽ, ആനക്കൊമ്പ് എന്നിവ സംബന്ധിച്ച ആരോപണം ലഭിച്ചതായി കാണുന്നില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടിയിട്ടില്ല. അനധികൃതമായി സൂക്ഷിച്ചിരുന്ന വന്യജീവികളെ പിടിച്ചെടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിൽ പങ്കെടുത്ത ഒരു ഉദ്യോഗസ്ഥനും ആനക്കൊമ്പ് സംബന്ധമായ ആരോപണങ്ങളുമായി ബന്ധപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും ഫോറസ്റ്റർ ആയി നിയമനം

11 (1562) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും ഫോറസ്റ്റർ ആയി നിയമിക്കുന്നതിന് സർക്കാർ ഉത്തരവുകൾ ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവു പ്രകാരം നിയമനം നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസയോഗ്യത എന്തെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ ഉണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനത്തിനാണ് ഇപ്രകാരം നിയമനം നടത്തുന്നത് ;

(ഡി) സർക്കാർ ഉത്തരവു പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത ആരെയെങ്കിലും ഈ പദ്ധതിപ്രകാരം നിയമിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇവരുടെ നിയമനം റദ്ദാക്കി യോഗ്യതയുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇപ്രകാരം ഫോറസ്റ്റർ ആയി നിയമനം നൽകുന്നതിന് ആരെങ്കിലും കോടതിയിൽ കേസ്സ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതി വിധി വന്നിട്ടുണ്ടോ ;

(ജി) ഇപ്പോൾ നിയമനം നൽകുന്നതു കോടതിയിൽ കേസ് ഫയൽ ചെയ്ത സമയം മുതലുള്ള ഒഴിവുകളിലാണോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) ഇല്ലെങ്കിൽ കോടതി വിധി വന്ന തീയതി മുതലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (എം. എസ്.) 11/98/വനം വന്യജീവി തീയതി 31-01-1998 പ്രകാരം ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി കോഴ്സ് ആയി നിശ്ചയിച്ചിട്ടുണ്ട്.

(സി) ആകെ ഉണ്ടാകുന്ന ഒഴിവുകളിൽ 10 % ത്തിനാണ് ഇപ്രകാരം നിയമനം നടത്തുന്നത്.

(ഡി) 27-02-1990-ലെ ജി.ഒ. (പി) 17/90/വനം വന്യജീവി നമ്പരായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവു പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിന് സംവരണം ചെയ്തിരുന്ന 10% ഫോറസ്റ്റർ തസ്തികകൾ നിർത്തൽ ചെയ്തു. 31-01-1998-ലെ സർക്കാർ ഉത്തരവു പ്രകാരം ഈ കോട്ട പുനഃസ്ഥാപിച്ചു. അതിനുശേഷം 27-02-1990-ന് മുൻപ് സർവ്വീസിൽ ഉണ്ടായിരുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്സ്.എസ്സ്.എൽ.സി. ആയും, അതിനുശേഷം നിയമിതരായ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പി.ഡി.സി ആയും പരിഗണിച്ചു കൊണ്ട് ഈ കോട്ടയിൽ നിയമനം നടത്തിവരുന്നു.

(ഇ) ഉത്തരം 'ഡി' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly